ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ എടുത്തിട്ടുണ്ടാവുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വ്യക്തമായ ഉദാഹരണം പൂണ്ടിക്കാണിച്ചാൽ അതു തിരുത്തുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന്റെ ആവശ്യമില്ല. വളരെ അടിസ്ഥാനത്തിൽ ചെയ്യുവുന്നതേ ചെയ്തിട്ടുള്ളു. അതിനപ്പുറമൊന്നും ചെയ്തിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: നാലുമൈലിനകത്തു പബ്ലിക്ക് മാർക്കറ്റുകൾ അനുവദിക്കുകയില്ലെന്നു പറഞ്ഞു. അങ്ങനെ ഇപ്പോൾ അനുവദിച്ച മാർക്കറ്റുകൾ നിറുത്താൻ ഗവണ്മെന്റു നടപടി എടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഉദ്ദേശമായി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തിയാൽ ആലോചിക്കാം.

ശ്രീ. പി. നാരായണൻ നായർ: പ്രൈവറ്റു മാർക്കറ്റുകൾക്ക് അനുവദം നൽകുവാനുള്ള പ്രോത്സാഹിപ്പിക്കുന്നതാണോ ഗവണ്മെന്റിന്റെ നയം?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രൈവറ്റു മാർക്കറ്റുകളെ പ്രോത്സാഹിപ്പിക്കുമെന്നല്ല നയം.

മെഡിക്കൽ കോളേജ് ലേയ്ക്കുള്ള തിരഞ്ഞെടുപ്പ്.

* 141. [13] ശ്രീ. എൻ. ജെ. ഫിലിപ്പോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ?

(എ) 1955–56 കാളേജ് വർഷാരംഭത്തിൽ തിരുവനന്തപുരം മെഡിക്കൽകോളേജിലേയ്ക്കു എത്ര വിദ്യാർത്ഥിവിദ്യാർത്ഥിനികളെ തിരഞ്ഞെടുത്തു;

(ബി) തിരഞ്ഞെടുത്ത വിദ്യാർത്ഥിവിദ്യാർത്ഥിനികളെ തിരഞ്ഞെടുക്കുന്നതിനു മുമ്പ് ഇൻറർവ്യൂ ചെയ്തിട്ടുണ്ടോ;

(സി) ഇൻറർവ്യൂ നടത്തുന്നതിനു കമ്മിറ്റിയെ ഗവണ്മെന്റ് നിയോഗിച്ചിരുന്നോ;

(ഡി) കമ്മിറ്റിയെ നിയോഗിച്ചിരുന്നുവെങ്കിൽ ആ കമ്മിറ്റി എത്ര പ്രാവശ്യം കൂടി?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം): (എ) വിദ്യാർത്ഥികൾ 65, വിദ്യാർത്ഥിനികൾ 19.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly